# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ 3402**

**29.01.2014 ൽ മറുപടിക്ക്**

## സംഖ്യാ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ.ആർ.സെൽവരാജ്<br>ശ്രീ. എം.എ.വാഹീദ് | | ഡോ. എം.കെ.മുനീർ<br>ബഹു:പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
| എ) | സംസ്ഥാനത്തെ പഞ്ചായത്തുകളിൽ സംഖ്യാ സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | എ) | ഉണ്ട്. 23.12.2010 ലെ സ.ഉ.(എം.എസ്.) നം.308/2010/തസ്വഭവ പ്രകാരം, 2011 ഏപ്രിൽ 1 മുതൽ ത്രിതല പഞ്ചായത്തുകളിൽ അക്കൗണ്ടിംഗ് നിർവ്വഹിക്കേണ്ടത് സാംഖ്യ സോഫ്റ്റ്‌വെയർ മുഖാന്തിരം ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 28.03.2011 ലെ സ.ഉ.(എം.എസ്.) നം.83/11/തസ്വഭവ മുഖാന്തിരം പുതിയ രീതിയിലുള്ള അക്കൗണ്ടിംഗ് നിർവ്വഹിക്കുന്നതിനാവശ്യമായ ചട്ടങ്ങൾ (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ്) പുറപ്പെടുവിച്ചിട്ടുണ്ട്. 2013, ജൂലൈ 2 - ഓടെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും സാംഖ്യ വിന്യസിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ് |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത സംവിധാനത്തിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | ബി) | പഞ്ചായത്തിന്റെ വരവുകളും ചെലവുകളും അവ 'അക്രൂ' ചെയ്യുമ്പോൾ തന്നെ കണക്കിലെടുക്കുന്ന സമ്പ്രദായമാണ് അക്രൂവൽ അടിസ്ഥാനമാക്കിയ അക്കൗണ്ടിംഗ് സമ്പ്രദായം. ഈ സമ്പ്രദായം മൂലം ആസ്തി ബാദ്ധ്യതകൾ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ലഭിക്കുന്നു. തന്നാണ്ടിലെ പ്രവർത്തനഫലം മിച്ചമോ, കമ്മിയോ എന്ന് മനസ്സിലാക്കാനും കൂടുതൽ സുതാര്യവും യഥാർത്ഥ സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനപ്പെടുത്തിയുള്ളതുമായ ഭാവി തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനും പഞ്ചായത്ത് ഭരണസമിതിയ്ക്ക് സഹായകരമാവുകയും ചെയ്യുന്നു. ഇപ്രകാരം, പഞ്ചായത്തു കണക്കുകൾ, സുതാര്യവും, ശാസ്ത്രീയവും ആക്കുകയും |

| | | | |
|---|---|---|---|
| | | | ഭരണപരവും,സാമ്പത്തികവുമായ തീരുമാനങ്ങൾ എടുക്കത്തക്കവിധം സ്വദാ ലഭ്യമാക്കുക എന്നതുമാണ് ഈ സമ്പ്രദായത്തിന്റെ പ്രധാന ഉദ്ദേശം. |
| സി) | പഞ്ചായത്തുകളിലെ കണക്കുകള് ൽ കൃത്യത ഉറപ്പാക്കാൻ ഇത് എത്രമാത്രം സഹായിച്ചിട്ടുണ്ട്; വിശദമാക്കുമോ; | സി) | 2011 ലെ കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള 'അക്രുവൽ' അധിഷ്ഠിത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനമാണ് സാംഖ്യ ആപ്ലിക്കേഷന്റെ അടിസ്ഥാനം. പഞ്ചായത്തുകളുടെ വിവിധ സ്രോതസ്സുകളിൽ നിന്നുള്ള വരവും അവയിൽ നിന്നുള്ള ചെലവുകളും കൃത്യമായി രേഖപ്പെടുത്തുന്നതിനും, പഞ്ചായത്ത് അക്കൗണ്ടുകൾ കൃത്യസമയത്ത് സമർപ്പിക്കുന്നതിനും ഇത് സഹായിച്ചിട്ടുണ്ട്. |
| ഡി) | പ്രസ്തുത സംവിധാനം വികസിപ്പിച്ചത് ആരാണ് ;വിശദാംശങ്ങൾ അറിയി, ഃ റ ? | ഡി) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നാഷണൽ മുനിസിപ്പൽ അക്കൗണ്ട്സ് മാനുവൽ അധികരിച്ച് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ , അക്കൗണ്ടന്റ് ജനറൽ ഓഫീസിലെ ഉദ്യോഗസ്ഥർ, കില തുടങ്ങിയവർ ചേർന്ന് തയ്യാറാക്കിയ അക്കൗണ്ട്സ് രീതി സർക്കാർ അംഗീകരിച്ചാണ് അക്കൗണ്ട്സ് റൂൾ തയ്യാറാക്കിയത്. സർക്കാർ, പൊതുമേഖലാ സ്ഥാപനമായ ഇൻഫർമേഷൻ കേരള മിഷൻ (IKM) ആണ് സാംഖ്യ സോഫ്റ്റ്‌വെയർ സംവിധാനം വികസിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ